(ബി) എങ്കിൽ അതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(സി) ഈ സംരംഭത്തിന്റെ പ്രവർത്തനഫലമായി ടൂറിസം രംഗത്ത് ഉണ്ടായിട്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) സ്വകാര്യ മേഖലയുമായി ചേർന്ന് വാണിജ്യ അടിസ്ഥാനത്തിൽ ടൂറിസം വികസനം ലക്ഷ്യമിട്ട് ആരംഭിച്ചതാണ് സംയുക്ത സംരംഭങ്ങൾ. ഇൻഡ്യയിലെ പ്രമുഖ ഹോട്ടൽ ഗ്രൂപ്പുകളായ ടാജ്, ഒബ്റോയ് എന്നിവയുമായി ചേർന്ന് രണ്ട് സംയുക്ത സംരംഭങ്ങൾ രൂപവൽക്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ടാജുമായി ചേർന്ന് താഴെപ്പറയുന്ന ഹോട്ടലുകൾക്ക് രൂപം നൽകിയിട്ടുണ്ട്.

1. ടാജ് റസിഡൻസി, എറണാകുളം.
2. ടാജ് ഗാർഡൻ റിട്രീറ്റ്, വർക്കല.
3. ടാജ് ഗാർഡൻ റിട്രീറ്റ്, കുമരകം.
4. ടാജ് ഗാർഡൻ റിട്രീറ്റ്, തേക്കടി.

ഈ സംരംഭത്തിന്റെ ഫലമായി കേരളത്തിൽ കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുവാനും അതുവഴി വിദേശനാണ്യ വരുമാനം വർദ്ധിപ്പിക്കുവാനും ഇതിനും പുറമേ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

ടൂറിസം വികസനത്തിന് സർക്കാരിതര സംഘടനകൾക്ക് ധനസഹായം

3 [2715] ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര വികസനം ലക്ഷ്യമാക്കി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്കും ചാരിറ്റബിൾ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സൊസൈറ്റികൾക്കും ഏതെങ്കിലും വിധത്തിലുള്ള ധനസഹായങ്ങളോ ഗ്രാന്റോ നൽകിവരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഇത്തരം സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം സംഘടനകൾ സർക്കാരിലേക്ക് സമർപ്പിക്കുന്ന വിനോദ സഞ്ചാര വികസനത്തിന് സഹായിക്കുന്ന പ്രോജക്ടുകൾക്ക് ധനസഹായം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) ടൂറിസം വികസനത്തിനായി എൻ. ജി. ഒ.-കളുടെ സഹായത്തോടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ;

(എഫ്) നിലവിൽ ഇത്തരം സർക്കാരിതര സംഘടനകളുമായി ടൂറിസം വികസന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) സർക്കാർ ആഭിമുഖ്യത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഡി.ടി.പി.സി.-കൾ ഒഴികെ മറ്റാർക്കും തന്നെ ടൂറിസം വികസന പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകാറില്ല. എന്നാൽ ടൂറിസം ബോധവൽക്കരണം, പരിസ്ഥിതി സംരക്ഷണം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്കും ചാരിറ്റബിൾ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സൊസൈറ്റികൾക്കും നിശ്ചിത പദ്ധതിക്കുള്ള നിർവ്വഹണത്തിനായി ധനസഹായം നൽകാറുണ്ട്.

(സി ആന്റ് ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(ഇ-ജി) കോവളത്ത് സീറോ വേസ്റ്റ് എന്ന പരിസര ശുചീകരണ പദ്ധതിക്കും 'തണൽ' എന്ന സംഘടനയുടേയും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പേ ആന്റ് യൂസ് ടോയ്ലറ്റ് നടത്താൻ സുലഭ് ഇന്റർനാഷണൽ എന്നീ പ്രസ്ഥാനത്തിന്റെയും സഹായത്തോടെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന് ലഭിച്ച ടൂറിസം അവാർഡുകൾ

4 [2716] ശ്രീ. എ. സുജനപാൽ :
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, ഡി. സുഗുതൻ:
,, ടി. യു. രാധാകൃഷ്ണൻ:
,, എം. മുരളി: താഴെ കാണുന്ന ചോദ്യത്തിന് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2003-04-ൽ സംസ്ഥാന ടൂറിസം വകുപ്പിന് ഏതെല്ലാം ടൂറിസം അവാർഡുകളാണ് ലഭിച്ചതെന്നും എന്തിന്റെയെല്ലാം അടിസ്ഥാനത്തിലാണ് ഈ അവാർഡുകൾ ലഭിച്ചതെന്നും ഇവ ആരാണ് ഏറ്റുവാങ്ങിയതെന്നും ഉള്ള വിവരം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly